# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | പ്രധാനവാർത്തകൾ | **DATE: 29.11.2025**

1. ഛത്തീസ്ഗഡിൽ നടക്കുന്ന സംസ്ഥാന പോലീസ് മേധാവിമാരുടെയും ഇൻസ്പെക്ടർ ജനറൽമാരുടെയും 60-ാമത് അഖിലേന്ത്യാ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷത വഹിക്കുന്നു.
2. സാങ്കേതിക മേഖലയിലെ പുരോഗതി പൂർണ്ണമായും ഉപയോഗപ്പെടുത്തിയ മുന്നേറ്റമാണ് സേന വിഭാഗങ്ങളിൽ നടക്കുന്നതെന്ന് സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ.
3. സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പ്രചാരണത്തിന് ചൂടേറി; വോട്ടിങ് മെഷീനുകളുടെ വിതരണത്തിനും തുടക്കം.
4. അനർഹരെ വോട്ടർപട്ടികയിൽ നിന്ന് ഒഴിവാക്കുകയാണ് തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ലക്ഷ്യമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ.
5. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ.
6. ദിത്വാ ചുഴലിക്കാറ്റിനെത്തുടർന്ന് തമിഴ്നാട് തീരങ്ങളിൽ ജാഗ്രതാ നിർദ്ദേശം; കേരളത്തിൽ വിവിധ ജില്ലകളിൽ ഇന്നും നാളെയും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്; കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

## പ്രധാനമന്ത്രി - പോലീസ് സമ്മേളനം

ഛത്തീസ്ഗഢിൽ നടക്കുന്ന സംസ്ഥാനങ്ങളിലെ പോലീസ് മേധാവിമാരുടെയും ഇൻസ്പെക്ടർ ജനറൽമാരുടെയും 60-ാമത് അഖിലേന്ത്യാ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷത വഹിക്കുന്നു. ഇന്നും നാളെയും സമ്മേളനത്തിന് കീഴിൽ നടക്കുന്ന വിവിധ സെഷനുകളിൽ പ്രധാനമന്ത്രി പങ്കെടുക്കും. ആഭ്യന്തര സുരക്ഷ, ഭീകരവാദ വിരുദ്ധ പ്രവർത്തനം, സ്ത്രീ സുരക്ഷ, പോലീസിലെ നവീകരണങ്ങൾ എന്നിവ സമ്മേളനം ചർച്ച ചെയ്യും. വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലും പ്രധാനമന്ത്രി സമ്മാനിക്കും.

*************************

## പാർലമെന്റ്-സർവകക്ഷി യോഗം

തിങ്കളാഴ്ച ആരംഭിക്കുന്ന പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ നാളെ സർവകക്ഷി യോഗം വിളിച്ചുചേർക്കും. പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു പാർലമെന്റിലെ ഇരുസഭകളിലെയും രാഷ്ട്രീയ പാർട്ടികളുടെ നേതാക്കളുമായി കൂടിക്കാഴ്ച നടത്തും. ലോക്സഭയുടെയും രാജ്യസഭയുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളിൽ നിന്നും സർക്കാർ സഹകരണം തേടും. അടുത്ത മാസം 1 മുതൽ ഡിസംബർ 19 വരെ ശീതകാല സമ്മേളനം നടക്കും.

RNUTVPM

*************************

## നാവികസേനാ ദിനം

നാവികസേനാ ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനായി രാഷ്ട്രപതി ദ്രൗപദി മുർമു ബുധനാഴ്ച തിരുവനന്തപുരത്തെത്തും. ശംഖുമുഖം ബീച്ചിൽ നടക്കുന്ന

ആഘോഷങ്ങളിൽ നാവികസേനയുടെ പോരാട്ട വീര്യം പ്രദർശിപ്പിക്കുന്ന അഭ്യാസ പ്രകടനങ്ങൾ അരങ്ങേറും. നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠി പരിപാടിയ്ക്ക് ആതിഥേയത്വം വഹിക്കും. പരിപാടിയുടെ ഡ്രസ് റിഹേഴ്സൽ ഇന്നും തിങ്കളാഴ്ചയും ശംഖുമുഖത്തു നടക്കും.

*************************

## പാസിംഗ് ഔട്ട് പരേഡ് (ഇൻട്രോ)

സാങ്കേതിക മേഖലയിലെ പുരോഗതിയെ പൂർണ്ണമായും ഉപയോഗപ്പെടുത്തിയുള്ള മുന്നേറ്റമാണ് സേന വിഭാഗങ്ങളിൽ നടക്കുന്നതെന്ന് സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ. ഏഴിമല നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസിംഗ് ഔട്ട്പരേഡിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വെല്ലുവിളികൾ ഏറ്റെടുത്ത് കൊണ്ട് കേഡറ്റുകൾ മുന്നോട്ടു പോവണമെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

(ഹോൾഡ് വോയിസ്....)

232 കേഡറ്റുകളാണ് പാസിംഗ് ഔട്ട് പരേഡിൽ പങ്കെടുത്തത്. ഇതിൽ 34 പേർ വനിതാ കേഡറ്റുകളാണ്. ബംഗ്ലാദേശ്, മൊസംബിക്, ശ്രീലങ്ക, വിയറ്റ്നാം, സീഷെൽസ്, മാൽദ്വീപ്, മ്യാന്മാർ എന്നിവിടങ്ങളിൽ നിന്നുള്ള 18 പേരും ഉണ്ടായിരുന്നു.

*************************

## തിരഞ്ഞെടുപ്പ് (ഇൻട്രോ)

സംസ്ഥാനത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ തയ്യാറെടുപ്പുകളും പ്രചാരണ പരിപാടികളും പുരോഗമിക്കുകയാണ്. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട്

വോട്ടർമാർ അറിഞ്ഞിരിക്കേണ്ട പ്രധാന വിവരങ്ങൾ കൂടി ആകാശവാണി വാർത്തകളിൽ ഉൾപ്പെടുത്തുകയാണ്. ഇന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷനെ കുറിച്ച് മനസ്സിലാക്കാം.

**(ഹോൾഡ് വോയ്സ്......)**

*സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലേക്കും മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ എന്നിവയിലേക്കും ഉള്ള വോട്ടർപട്ടിക തയ്യാറാക്കുന്നതും തിരഞ്ഞെടുപ്പ് നടത്തുന്നതും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലയാണ്. കൂടാതെ തദ്ദേശസ്ഥാപനങ്ങളിലെ അധ്യക്ഷൻ, ഉപാധ്യക്ഷൻ തെരഞ്ഞെടുപ്പ്, സ്റ്റാൻഡിങ് കമ്മിറ്റി തിരഞ്ഞെടുപ്പ്, ഉൾപ്പെടെ വിവിധ ചുമതലകളും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വഹിക്കുന്നുണ്ട്. കേരളത്തിൽ 1993 ഡിസംബർ 3-ാം തീയതി രൂപീകൃതമായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 1995 മുതൽ കൃത്യമായി 5 വർഷം കൂടുമ്പോൾ തദ്ദേശ തിരഞ്ഞെടുപ്പ് നടത്തി വരുന്നു. നിലവിലെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ ആണ്.*

*ന്യൂസ്ഡെസ്ക്, ആകാശവാണി.*

PNUTVPM

**************************

**തെരഞ്ഞെടുപ്പ് പ്രചാരണം**

സംസ്ഥാന തദ്ദേശ സ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി തുടരുന്നു. വോട്ടർമാരെ നേരിൽ കണ്ടുള്ള പ്രചാരണത്തിന്റെ തിരക്കിലാണ് സ്ഥാനാർത്ഥികൾ. ഡിസംബർ 9, 11 തീയതികളിലാണ് വോട്ടെടുപ്പ്. വോട്ടെടുപ്പിനുള്ള ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളുടെ വിതരണം ആരംഭിച്ചു. ആദ്യഘട്ട പരിശോധന കഴിഞ്ഞ് പ്രവർത്തന സജ്ജമായ ഇലക്ട്രോണിക് വോട്ടിംഗ്

മെഷീനുകളാണ് ജില്ലകളിലെ സ്ട്രോംഗ് റൂമുകളിൽ നിന്ന് വിതരണകേന്ദ്രങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നത്.

*************************

**കൊല്ലം - തെരഞ്ഞെടുപ്പ് പ്രചാരണം (ഇൻട്രോ)**

കൊല്ലം കോർപ്പറേഷൻ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറി. മൂന്ന് മുന്നണികളുടെയും സ്ഥാനാർത്ഥികൾ വാശിയോടെ പ്രചാരണം തുടരുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ...**

(വോയിസ്)

*************************

**തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണം**

PNUTVPM

അനർഹരെ വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കണം എന്നതാണ് തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിന്റെ ലക്ഷ്യമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ. ഫോം ഒപ്പിട്ട് പൂരിപ്പിച്ച് തന്നവർ എല്ലാം ഡ്രാഫ്റ്റിൽ ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. 2002 പട്ടികയിൽ ഇല്ലാത്തവരുടെ വിവരങ്ങൾ ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർ പരിശോധന നടത്തി, അതിൽ ഹിയറിംഗ് നടത്തുമെന്നും ശ്രീ കേൽക്കർ അറിയിച്ചു.

*************************

**കോഴിക്കോട് എസ്ഐആർ (ഇൻട്രോ)**

പ്രത്യേക തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ ഭാഗമായുള്ള നടപടിക്രമങ്ങൾ കൂടുതൽ എളുപ്പമാക്കാൻ പ്രത്യേക യജ്ഞവുമായി കോഴിക്കോട് ജില്ലാ ഭരണകൂടം.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു...**

**(ഹോൾഡ് വോയിസ്)**

*************************

## എസ് ഐ ആർ-പത്തനംതിട്ട

തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് എന്യുമറേഷൻ ഫോം ശേഖരണത്തിനായി പത്തനംതിട്ട ജില്ലയിലെ എല്ലാ വില്ലേജ് ഓഫീസുകളും ഇന്നും നാളെയും രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെ തുറന്നു പ്രവർത്തിക്കും. വോട്ടർമാർ പൂരിപ്പിച്ച എന്യുമറേഷൻ ഫോം കളക്ഷൻ സെന്ററായ വില്ലേജ് ഓഫിസിൽ എത്തിക്കണമെന്ന് ജില്ല കലക്ടർ അറിയിച്ചു.

RNU TVPM

*************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

*************************

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11 മണിക്ക്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും പരിപാടി പ്രക്ഷേപണം ചെയ്യും. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞാലുടൻ തന്നെ പ്രാദേശിക ഭാഷകളിൽ മൻ കി ബാത്ത് കേൾക്കാം.

*************************

## ദിത്വാ ചുഴലിക്കാറ്റ്-തമിഴ്നാട്

ശ്രീലങ്കയിൽ ദുരന്തം സൃഷ്ടിച്ച ദിത്വാ ചുഴലിക്കാറ്റ് നിലവിൽ തമിഴ്നാടിന്റെ തീരത്തേക്ക് നീങ്ങുന്നു. ചുഴലിക്കാറ്റ് നാളെ പുലർച്ചെയോടെ വടക്കൻ തമിഴ്നാടിനും തെക്കൻ ആന്ധ്രാ തീരത്തിനും സമീപം തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ എത്താൻ സാധ്യതയുണ്ട്. തമിഴ്നാട് തീരങ്ങളിൽ നാളെ വരെ മണിക്കൂറിൽ 70 കിലോമീറ്റർ വേഗതയിൽ ശക്തമായ കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ തീരദേശ പ്രദേശങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ചെന്നൈയിൽ വിമാന സർവീസുകൾ തടസ്സപ്പെട്ടു. പ്രതികൂല കാലാവസ്ഥ കാരണം പൊതുജനങ്ങൾ വീടിനുള്ളിൽ തന്നെ തുടരാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മേഖലകളിൽ എൻഡിആർഎഫ് ടീമുകളെ വിന്യസിച്ചു.

*************************

## ദിത്വാ- തിരുവനതപുരം വിമാനത്താവളം

ദിത്വാ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ കൊളോമ്പോയിൽ നിന്നും തിരുവന്തപുരത്തേക്ക് വഴി തിരിച്ച് വിട്ട എല്ലാ വിമാനങ്ങളും ലക്ഷ്യസ്ഥലത്തേക്ക് ഇന്ന് മടങ്ങും. അബുദാബി, ക്വലാലംപൂർ, ദുബായ്, ദോഹ, മുംബൈ എന്നിവിടങ്ങളിൽ നിന്ന് കൊളോമ്പോയിലേക്കുള്ള അഞ്ച് വിമാനങ്ങളാണ് ഇന്ന്

RNUTVPM

തിരുവനതപുരം വിമാനത്താവളത്തിൽ ഇറക്കിയത്. ഇവയിൽ മൂന്നെണ്ണം കൊളോമ്പോയിലേക്കു യാത്ര തിരിച്ചു.

*************************

## കാലാവസ്ഥ

സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ഇന്നും നാളെയും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. തീരദേശവാസികൾക്കും ജാഗ്രതാ നിർദേശമുണ്ട്.

*************************

## മുല്ലപ്പെരിയാർ- റോഷി അഗസ്റ്റിൻ

മുല്ലപ്പെരിയാർ അണക്കെട്ടിൽ ജലനിരപ്പ് ഉയരുന്ന പശ്ചാത്തലത്തിൽ കൂടുതൽ ജലം കൊണ്ടുപോകണമെന്ന് ആവശ്യപ്പെട്ട് തമിഴ്നാടിന് കത്തയച്ചതായി മന്ത്രി റോഷി അഗസ്റ്റിൻ. ഇതേത്തുടർന്ന് ഇന്നലെ മുതൽ തമിഴ്നാട് ടണൽ വഴി കൂടുതൽ ജലം കൊണ്ടുപോയി തുടങ്ങിയതായും അദ്ദേഹം പറഞ്ഞു. വ്യാഴാഴ്ച വൈകിട്ട് 140.20 അടിയായിരുന്നു ജലനിരപ്പ്.

*

***********

**************************************

RNU TVPM